പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 993 — 13.06.2013-ലെ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12,2012-13 അദ്ധ്യയനവർഷങ്ങളിൽ ആറാം പ്രവൃത്തിദിന കണക്കെടുപ്പുപ്രകാരം സർക്കാർ, എയ്ഡഡ് മേഖലകളിലെ പ്രൈമറി , അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ എത്ര വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കുണ്ടായെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ; | (എ) യും (ബി) യും | 2010-11 സ്റ്റാഫ് ഫിക്സേഷനാണ് നിലവിൽ തുടർന്നുവരുന്നത്. അതിനാൽ സ്കൂൾ സന്ദർശിച്ച് കുട്ടികളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി സ്റ്റാഫ് ഫിക്സേഷൻ തുടർന്നുള്ള വർഷങ്ങളിൽ നടത്തിയിട്ടില്ല. യു.ഐ.ഡി നമ്പർ പ്രകാരം കുട്ടികളുടെ കൃത്യമായ കണക്കെടുപ്പ് പൂർത്തീകരിച്ചശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ. |
| (ബി) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് കാരണം എത്ര അദ്ധ്യാപകരുടെ തൊഴിൽ നഷ്ടമായിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | | |
| (സി) | സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപകപാക്കേജ് പ്രകാരം ഇതിൽ എത്ര അദ്ധ്യാപകരുടെ തൊഴിൽ സംരക്ഷിച്ച് വേതനം നൽകാൻ കഴിഞ്ഞിട്ടു ണ്ടെന്ന് വിശദമാക്കാമോ? | (സി) | അദ്ധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2,813 അദ്ധ്യാപകർക്ക് അംഗീകാരം നൽകി ശമ്പളം നൽകി. കൂടാതെ തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1,159 |

റീടഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 11 പേർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 അദ്ധ്യാപകർ, റീടഞ്ച്ഡ് ആയ 10 അദ്ധ്യാപകർ, നിയമന അംഗീകാരം ലഭിക്കാതെ ജോലിചെയ്തിരുന്ന എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകരായ 182 പേർ എന്നിവർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ